THE PLANTATION CORPORATION OF KERALA LTD
(An ISO 9001:2008 Certified Company under Government of Kerala)
Registered Office: KOTTAYAM-686 004
CIN:U01119KL1962SGC001997
☎ 0481.2578301- 04, 2578306 (MD) Fax:0481.2575133 (MD) Web:www.pcklimited.in E-mail:pckltd@bsnl.in , mdpckltd@gmail.com

നം.SAL/F-570/ 890

22/05/2026

## റംബുട്ടാൻ വില്പന- ഇ-ടെണ്ടർ കം ഇ-ഓക്ഷൻ / സീൽഡ് ടെണ്ടർ

പി സി കെ യുടെ കൊടുമൺ, ചന്ദനപ്പള്ളി എസ്റ്റേറ്റുകളിൽ നിൽക്കുന്ന റംബുട്ടാൻ മരങ്ങളിൽ വലയിട്ട്, വിലയടച്ച് വിളവ് എടുത്ത് കൊണ്ടുപോകുന്നതിലേക്കായി താഴെ പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായി മത്സരാധിഷ്ഠിത ഇ-ദർഘാസുകൾ കേരള സർക്കാർ വെബ് പോർട്ടൽ ആയ https://etenders.kerala.gov.in മുഖേനയും നേരിട്ട് മുദ്രവെച്ച ദർഘാസുകൾ മുഖേനയും നടത്തുന്നു. ഇ-ടെണ്ടറിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ ഈ ടെണ്ടർ നിബന്ധനകളോട് അനുബന്ധിച്ചിരിക്കുന്ന അനുബന്ധം 1, അനുബന്ധം 2-ലെ നിർദേശങ്ങളും മുദ്രവെച്ച ദർഘാസിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ അനുബന്ധം 3-ലെ നിർദേശങ്ങളും പാലിക്കേണ്ടതാണ്. ചുവടെ കൊടുത്തിരിക്കുന്ന പൊതുവായ നിബന്ധനകൾ അനുബന്ധം 1, 2-നും അനുബന്ധം 3-നും ബാധകമായിരിക്കുന്നതാണ്. രണ്ട് രീതിയിലും ടെണ്ടറിൽ പങ്കെടുക്കുവാൻ അവകാശമുണ്ടായിരിക്കുന്നതാണ്. ഇ-ടെണ്ടറിൽ പങ്കെടുക്കുന്നവർക്ക് ഇ-ഓക്ഷനിൽ പങ്കെടുക്കുന്നതിന് അവസരം ഉണ്ടായിരിക്കുന്നതാണ്. ഇ-ഓക്ഷനിലും മുദ്രവെച്ച ദർഘാസിലും നിന്നും വാഗ്ദാനം ചെയ്യുന്ന ഏറ്റവും ഉയർന്ന വില ആയിരിക്കും അംഗീകാരത്തിനായി പരിഗണിക്കുക.

## പൊതുവായ നിബന്ധനകൾ

1. ടെണ്ടറിൽ പങ്കെടുക്കുന്നവർ മാനേജരുടെ മുൻകൂട്ടിയുള്ള അനുവാദത്തോടെ തോട്ടത്തിൽ പ്രവേശിച്ച് മരങ്ങളുടെ എണ്ണം, മരങ്ങളുടെ നിലവിലുള്ള അവസ്ഥ എന്നിവയെ കുറിച്ച് മനസ്സിലാക്കിയിരിക്കേണ്ടതാണ്. ഇതു സംബന്ധിച്ച് എന്തെങ്കിലും തർക്കമുണ്ടായാൽ പ്രസ്തുത തോട്ടം മാനേജരുടെ തീരുമാനം അന്തിമമായിരിക്കുന്നതും, ആയത് ചോദ്യം ചെയ്യാൻ പാടില്ലാത്തതുമാണ്.
2. കൊടുമൺ എസ്റ്റേറ്റിലെ 643 മരങ്ങളിൽ നിന്നും ചന്ദനപ്പള്ളി എസ്റ്റേറ്റിലെ 325 മരങ്ങളിൽ സ്വന്തം ചെലവിൽ വലയിട്ട് വിളവ് ശേഖരിച്ച് കൊണ്ടുപോകുന്നതിന് കോർപ്പറേഷന് നൽകാവുന്ന ഏറ്റവും കൂടിയ തുകയാണ് ഇ-ടെണ്ടറിൽ/ മുദ്രവെച്ച ദർഘാസിൽ രേഖപ്പെടുത്തേണ്ടത്. കൊടുമൺ എസ്റ്റേറ്റിലെയും, ചന്ദനപ്പള്ളി എസ്റ്റേറ്റിലെയും റംബുട്ടാൻ മരങ്ങളിൽ നിന്നും വിളവ് ശേഖരിച്ച് കൊണ്ടുപോകുന്നതിന് ഓരോ എസ്റ്റേറ്റിനും പ്രത്യേകം നിരക്കുകൾ ടെണ്ടറിൽ കാണിക്കേണ്ടതാണ്.
3. റംബുട്ടാൻ വിളവെടുക്കുന്നതിനുള്ള കരാർ കാലാവധി 2026 സെപ്റ്റംബർ 30 വരെ ആയിരിക്കും. ടി തീയതിക്ക് ശേഷം യാതൊരു കാരണവശാലും കരാർ കാലാവധി നീട്ടി നൽകുന്നതല്ല.
4. മുദ്രവെച്ച ദർഘാസ് , ഇ- ടെണ്ടർ കം ഇ-ഓക്ഷൻ എന്നിവയിൽ നിന്നും ഏറ്റവും കൂടുതൽ തുക വാഗ്ദാനം ചെയ്യുന്ന വ്യക്തി പി സി കെ യിൽ നിന്ന് സ്ഥിരീകരണ ഉത്തരവ് ലഭിച്ച് 3 ദിവസങ്ങൾക്കകം വാഗ്ദാനം ചെയ്ത മൊത്തം തുകയുടെ മൂന്നിലൊന്നുവരുന്ന തുകയും മൊത്തം തുകയുടെ 10% വരുന്ന തുക സെക്യൂരിറ്റി ഡിപ്പോസിറ്റായും അതാത് എസ്റ്റേറ്റ് ഓഫീസ് ബാങ്ക് അക്കൗണ്ടിൽ അടക്കേണ്ടതും

കോർപ്പറേഷനുമായി ഇതുസംബന്ധിച്ച് ഒരു കരാർ ഉടമ്പടി 200/- രൂപ കേരള ഗവൺമെന്റ് വക മുദ്രപത്രത്തിൽ ഒപ്പിടേണ്ടതുമാണ്.

5. ഇതിനു പുറമേ വാഗ്ദാനം ചെയ്തതിന്റെ ബാക്കി തുകയും ബാധകമായ നികുതികളും ടെണ്ടർ സ്ഥിരീകരണ തിയതി മുതൽ 15 ദിവസങ്ങൾക്കകമായി എസ്റ്റേറ്റ് ഓഫീസ് അക്കൗണ്ടിൽ അടച്ച് എസ്റ്റേറ്റ് ഓഫീസിൽ നിന്നും വർക്ക് ഓർഡർ കൈപ്പറ്റിയ ശേഷം മാത്രമേ വിളവെടുക്കുവാൻ അനുവദിക്കുകയുള്ളു.

6. 4, 5 വകുപ്പുകൾ പ്രകാരം നിശ്ചിത സമയത്തിനുള്ളിൽ പ്രവർത്തിക്കുന്നതിൽ വീഴ്ച വരുത്തുന്നപക്ഷം ടെണ്ടർ അസ്ഥിരപ്പെടുത്തുന്നതും, സ്ഥിരീകരണ ഉത്തരവ് റദ്ദാക്കുന്നതും കോർപ്പറേഷനിൽ പ്രസ്തുത വ്യക്തി അടച്ചിട്ടുള്ളതായ എല്ലാ തുകകളും കണ്ടുകെട്ടി കോർപ്പറേഷന്റെ ഖജനാവിലേക്ക് മുതൽ കൂട്ടുന്നതുമാണ്. കൂടാതെ ടി ടെണ്ടറുകാരന്റെ നഷ്ടോത്തരവാദിത്തത്തിൽ പുനഃക്രമീകരണം ഏർപ്പെടുത്തുന്നതിനു കോർപ്പറേഷന് അവകാശമുള്ളതും ഇതുമൂലം കോർപ്പറേഷനുണ്ടാകാവുന്ന എല്ലാവിധ കഷ്ടനഷ്ടങ്ങൾക്കും പ്രസ്തുത വ്യക്തി ഉത്തരവാദിയായിരിക്കുന്നതും ആയത് ടിയാളിൽ നിന്നും ഈടാക്കിയെടുക്കുന്നതിന് കോർപ്പറേഷന് അവകാശമുണ്ടായിരിക്കുന്നതുമാണ്.

7. ഏറ്റവും കൂടിയ തുകയ്ക്ക് മുദ്രവെച്ച ദർഘാസ് / ഇ- ടെണ്ടർ കം ഇ-ഓക്ഷൻ സമർപ്പിച്ച വ്യക്തിയ്ക്ക് കോർപ്പറേഷൻ അന്തിമ തീരുമാനമെടുക്കുന്നതുവരെ സ്വമേധയാ അത് പിൻവലിക്കുവാൻ പാടുള്ളതല്ല. അഥവാ പ്രസ്തുത വ്യക്തി അപ്രകാരം പിൻവലിക്കുകയോ 4,5 വകുപ്പുകൾ അനുസരിച്ചുള്ള തുക അടയ്ക്കാതിരിക്കുകയോ ചെയ്താൽ അയാൾ അടച്ചിട്ടുള്ള എല്ലാ തുകയും കോർപ്പറേഷൻ ഖജനാവിലേക്ക് മുതൽകൂട്ടുന്നതിനും അപ്രകാരം സംഭവിക്കുന്ന പക്ഷം യുക്തമായ തീരുമാനമെടുക്കുവാൻ കോർപ്പറേഷന് പൂർണ്ണ അധികാരമുള്ളതുമാകുന്നു.

8. തീപിടുത്തം, വരൾച്ച, കീടബാധ, പ്രകൃതിക്ഷോഭം, കരാറുകാരന്റേയോ, കേർപ്പറേഷന്റേയോ തൊഴിലാളികളുടെ സമരം, മഹാമാരികൾ മുതലായവ മൂലമുണ്ടാകുന്ന കഷ്ടനഷ്ടങ്ങൾക്ക് കോർപ്പറേഷൻ യാതൊരു കാരണവശാലും നഷ്ടപരിഹാരം നൽകുന്നതല്ല. കരാറുകരാന്റെ തൊഴിലാളികൾക്ക് യാതൊരുവിധ ആനുകൂല്യങ്ങളോ നഷ്ടപരിഹാരമോ നൽകുന്നതിന് കോർപ്പറേഷനു ബാധ്യത ഉണ്ടായിരിക്കുന്നതല്ല.

9. കരാർ നൽകിയിട്ടുള്ള സ്ഥലത്ത് കോർപ്പറേഷൻ ഉദ്യോഗസ്ഥന്മാർക്ക് ഏതു സമയത്തും പരിശോധിക്കുവാനുള്ള അവകാശം ഉണ്ടായിരിക്കുന്നതാണ്.

10. കരാറുകരാനിൽ നിന്നോ ടിയാന്റെ ഏജന്റിൽ നിന്നോ, തൊഴിലാളികളിൽ നിന്നോ, എസ്റ്റേറ്റിന്റെ സുഗമമായ പ്രവർത്തനത്തിന് യാതൊരു തടസ്സവും ഉണ്ടാകുവാൻ പാടില്ല.

11. കരാറുകാരൻ, ടിയാന്റെ ഏജന്റിന്റെയും തൊഴിലാളികളുടെയും പേരും വിലാസവും അടങ്ങുന്ന ലിസ്റ്റ്, ജോലികൾ ആരംഭിക്കുന്നതിനു മുമ്പായി എസ്റ്റേറ്റു മാനേജരുടേയോ, മാനേജർ അധികാരപ്പെടുത്തുന്നവരുടെയോ പക്കൽ ഹാജരാക്കി പ്രവേശന പാസ്സുകൾ വാങ്ങിയിരിക്കേണ്ടതാണ്.

12. വാഗ്ദാനം ചെയ്ത തുകയ്ക്ക് പുറമേ, ബാധകമായ എല്ലാ നികുതികളും കാരാറുകരൻ അടയ്ക്കേണ്ടതാണ്. റംബൂട്ടാൻ വിളവെട്ടുത്തു കൊണ്ടുപോകുന്നതിന് വനം വകുപ്പിൽ നിന്നോ മറ്റ് ഡിപ്പാർട്ട്മെന്റുകളിൽ നിന്നോ ആവശ്യമായ പാസ്സുകൾ/ അനുമതികൾ കരാറുകരാൻ സ്വന്തം ചെലവിൽ എടുക്കേണ്ടതാണ്.

13. കരാറുകരാനിൽ നിന്നോ ടിയാന്റെ ഏജന്റിൽ നിന്നോ തൊഴിലാളികളിൽ നിന്നോ, കോർപ്പറേഷൻ വക മരങ്ങൾക്കോ, മറ്റു വസ്തുവകകൾക്കോ എന്തെങ്കിലും നാശനഷ്ടം

സംഭവിച്ചാൽ മാനേജിങ് ഡയറക്ടർ നിശ്ചയിക്കുന്ന നഷ്ടപരിഹാരം കരാറുകാരൻ കോർപ്പറേഷനിലേയ്ക്ക് അടയ്ക്കേണ്ടതും, ടി മാനേജിങ് ഡയറക്ടറുടെ തീരുമാനം ചോദ്യം ചെയ്യാൻ പാടില്ലാത്തതുമാണ്.

14. പ്രവൃത്തി ദിവസങ്ങളിൽ 9 AM മുതൽ 5 PM വരെയുള്ള സമയത്ത് ഡിവിഷൻ ഉദ്യോഗസ്ഥരുടെ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ മാത്രമേ വിളവ് പുറത്ത് കൊണ്ടുപോകാൻ പാടുള്ളു.
15. ഇങ്ങനെ കൊണ്ടുപോകുന്ന റംബുട്ടാന്റെ തൂക്കം അതാതുസമയം തോട്ടം മാനേജരെ അറിയിക്കേണ്ടതാണ്.
16. തോട്ടം മാനേജർ ചുമതലപ്പെടുത്തിയിരിക്കുന്ന ഉദ്യോഗസ്ഥൻമാർക്കും കരാറുകാരന്റെ ഏജന്റ് ജോലിക്കാർ, റംബുട്ടാൻ കൊണ്ടുപോകുന്നതിനുള്ള വാഹനങ്ങൾ മുതലായവ പരിശോധിക്കുന്നതിനും നിയന്ത്രിക്കുന്നതിനും അധികാരം ഉണ്ടായിരിക്കുന്നതാണ്.
17. യാതൊരു കാരണവും കാണിക്കാതെ ഏതൊരു ടെണ്ടറും റദ്ദുചെയ്യുന്നതിനോ, മാറ്റിവെയ്ക്കുന്നതിനോ ഉള്ള അധികാരവും അവകാശവും കോർപ്പറേഷന്റെ മാനേജിംഗ് ഡയറക്ടറിൽ നിക്ഷിപ്തമാണ്.
18. ഏതെങ്കിലും പ്രത്യേക സാഹചര്യത്തിൽ കരാർ കോർപ്പറേഷൻ റദ്ദുചെയ്യുകയാണെങ്കിൽ അതുമൂലം യാതൊരു നഷ്ടപരിഹാരവും കോർപ്പറേഷൻ നൽകുന്നതല്ലാത്തതും നഷ്ടപരിഹാരത്തിന് അവകാശം ഉന്നയിക്കാൻ കരാറുകാരന് അവകാശം ഇല്ലാത്തതുമാണ്.
19. കരാർ കാലവധിക്കിടയിൽ കരാറുകാരനോ, ടിയാന്റെ തൊഴിലാളികളോ, എസ്റ്റേറ്റിനുള്ളിലോ, സമീപ പ്രദേശങ്ങളിലോ കാട്ടുമൃഗങ്ങളെ വേട്ടയാടുകയോ, ആയതിനു സഹായിക്കുകയോ നിയമം മൂലം നിരോധിക്കപ്പെട്ട മറ്റ് എന്തെങ്കിലും പ്രവർത്തനങ്ങളിൽ ഏർപ്പെടുകയോ, ആയതിനു സഹായിക്കുകയോ ചെയ്യാൻ പാടില്ല. ഇതിനു വിപരീതമായി പ്രവർത്തിക്കുന്ന പക്ഷം കരാറുകാരൻ കോർപ്പറേഷനിൽ നിന്നും ഏറ്റെടുത്തിട്ടുള്ളതുമായ എല്ലാവിധ കരാർ ഇടപാടുകളും റദ്ദുചെയ്യുന്നതും കോർപ്പറേഷനിലേക്ക് അടച്ചിട്ടുള്ള എല്ലാതുകകളും കണ്ടുകെട്ടി മുതൽകൂട്ടുന്നതുമായിരിക്കും. കൂടാതെ ആവശ്യമെന്നുകണ്ടാൽ കരാറുകാരന്റെ നഷ്ടോത്തരവാദിത്വത്തിൽ പുനർലേലം നടത്തുന്നതിന് കോർപ്പറേഷന് തീരുമാനമെടുക്കാവുന്നതും ആയതിലേക്കുണ്ടാകാവുന്ന സകലവിധ ചെലവുകളും നഷ്ടവും കരാറുകാരനിൽ നിന്നോ ടിയാന്റെ മുതലുകളിൽ നിന്നോ ഈടാക്കുന്നതിനും കോർപ്പറേഷന് അധികാരവും അവകാശവും ഉണ്ടായിരിക്കുന്നതുമാണ്.
20. ടെണ്ടർ പ്രകാരം കരാറുകാരന് ലഭിക്കുന്ന അവകാശം യാതൊരു കാരണവശാലും കൈമാറ്റം ചെയ്യുവാൻ പാടില്ലാത്തതാണ്.
21. കോർപ്പറേഷൻ ബ്ലാക്ക് ലിസ്റ്റിൽ ഉൾപ്പെടുത്തിയിരിക്കുന്ന കരാറുകാർക്ക് ടെണ്ടറിൽ പങ്കെടുക്കാൻ പാടില്ല.
22. കരാർ കാലാവധിക്കിടയിൽ ടി സ്ഥലത്ത് കോർപ്പറേഷന് കാർഷിക പ്രവർത്തനങ്ങൾ നടത്താനുള്ള അവകാശം ഉണ്ടായിരിക്കുന്നതാണ്.
23. കരാറുകാരൻ യാതൊരു കാരണവശാലും കോർപ്പറേഷന്റെ സ്ഥലത്ത് സ്ഥിരസ്വഭാവമുള്ള നിർമ്മാണ പ്രവർത്തനങ്ങൾ യാതൊന്നും നടത്തുവാൻ പാടുള്ളതല്ല. കരാർ ഏറ്റിട്ടുള്ള സ്ഥലത്ത് സ്ഥാപിക്കാൻ ഇടയുള്ള താൽക്കാലിക ഷെഡ്ഡുകൾ പണിയുന്നതിനു മുമ്പ് എസ്റ്റേറ്റ് മാനേജരുടെ അനുവാദം വാങ്ങേണ്ടതും, കരാർ കാലാവധി തീർന്ന് 30 ദിവസത്തിനുള്ളിൽ സ്വന്തം ചിലവിൽ പൊളിച്ചുമാറ്റേണ്ടതുമാണ്, അല്ലാത്തപക്ഷം ടി ഷെഡ്ഡുകൾ കോർപ്പറേഷനിലേയ്ക്ക് മുതൽ കൂട്ടുന്നതാണ്. ആയതിന് യാതൊരു പ്രതിഫലവും നൽകുന്നതുമല്ല.
24. കരാറുകരാനോ/ഏജന്റോ കരാർ സ്ഥലത്തുനിന്നും റംബൂട്ടാൻ നീക്കം ചെയ്യുന്ന സമയത്ത് എസ്റ്റേറ്റു മാനേജരിൽ നിന്നും പാസ് വാങ്ങിയിരിക്കേണ്ടതാണ്. സെക്യൂരിറ്റി പരിശോധനയ്ക്ക് വിധേയമാക്കി മാത്രമേ റംബൂട്ടാൻ എസ്റ്റേറ്റിനു വെളിയിൽ കൊണ്ടുപോകുവാൻ പാടുള്ളൂ.

25. യാതൊരു കാരണവും കാണിക്കാതെ ടെൻഡർ അംഗീകരിക്കുന്നതിനോ, നിരാകരിക്കുന്നതിനോ ഉള്ള പൂർണ്ണമായ അധികാരം കോർപ്പറേഷന്റെ മാനേജിംഗ് ഡയറക്ടറിൽ നിക്ഷിപ്തമാണ്. കൂടുതൽ തുക വാഗ്ദാനം നൽകിയാലും ടി തുക ന്യായയുക്തമല്ലെന്ന കാണുന്ന പക്ഷം ടെണ്ടർ അംഗീകരിക്കാതിരിക്കുന്നതിന് കോർപ്പറേഷനു അവകാശവും അധികാരവും ഉണ്ടായിരിക്കുന്നതാണ്.

26. ഏതെങ്കിലും കാരണവശാൽ കാലാവധി തീരുന്നതിനു മുമ്പ് കരാറുകാരൻ കരാർ ഉപേക്ഷിച്ചു പോകുകയാണെങ്കിൽ കരാറുകാരന്റെ നഷ്ടോത്തരവാദിത്വത്തിൽ കോർപ്പറേഷൻ പുനർ ദർഘാസ് / ഇ-ദർഘാസ് നടത്തുന്നതുമാണ്. ഇതുമൂലം കോർപ്പറേഷനുണ്ടാകാവുന്ന ചെലവുകളും നഷ്ടവും കരാറുകാരനിൽ നിന്നും ഈടാക്കുന്നതുമാണ്.

27. കോർപ്പറേഷനിലെ തൊഴിലാളികൾക്കോ, ജീവനക്കാർക്കോ മുദ്രവെച്ച ദർഘാസ് , ഇ-ദർഘാസിൽ പങ്കെടുക്കുവാൻ അവകാശമുണ്ടായിരിക്കുന്നതല്ല.

28. വില്പന സംബന്ധിച്ച് മുദ്രവെച്ച ദർഘാസ്, ഇ- ദർഘാസ് സംബന്ധമായ വ്യവസ്ഥകളുടെ വ്യാഖ്യാനത്തിലോ, നടത്തിപ്പിലോ എന്തെങ്കിലും തർക്കം ഉണ്ടാകുന്ന പക്ഷം കോർപ്പറേഷന്റെ മാനേജിംഗ് ഡയറക്ടർക്ക് അതിൽ തീർപ്പു കൽപ്പിക്കുവാൻ അധികാരമുണ്ടായിരിക്കുന്നതും പ്രസ്തുത തീർപ്പ് അന്തിമമായിരിക്കുന്നതുമാണ്.

29. മുദ്രവെച്ച ദർഘാസ്, ഇ- ദർഘാസ് സ്വീകരിക്കുന്നതിനും, നിരാകരിക്കുന്നതിനും, മുദ്രവെച്ച ദർഘാസ്, ഇ-ദർഘാസ് നടപടിക്രമങ്ങൾക്കിടയിൽ യാതൊരു കാരണവും കാണിക്കാതെ എപ്പോൾ വേണമെങ്കിലും ടി മുദ്രവെച്ച ദർഘാസ്, ഇ- ദർഘാസ് മാറ്റിവക്കുന്നതിനും, മുദ്രവെച്ച ദർഘാസ്, ഇ-ദർഘാസ് റദ്ദു ചെയ്യുന്നതിനുമുള്ള പൂർണ്ണ അധികാരം പ്ലാന്റേഷൻ കോർപ്പറേഷന്റെ മാനേജിംഗ് ഡയറക്ടറിൽ നിഷിപ്തമായിരിക്കുന്നതാണ്. ഇതുസംബന്ധമായി മാനേജിംഗ് ഡയറക്ടറുടെ തീരുമാനം അന്തിമമായിരിക്കുന്നതും അതിനെ ചോദ്യംചെയ്യാൻ പാടില്ലാത്തതുമാണ്.

30. മുദ്രവെച്ച ദർഘാസ്, ഇ-ദർഘാസ് വ്യവസ്ഥകളിലോ ടെണ്ടർ നടത്തുന്നത് സംബന്ധിച്ചോ എന്തെങ്കിലും സംശയങ്ങളോ തർക്കങ്ങളോ ഉണ്ടായാൽ ടി വിഷയത്തിൽ കോർപ്പറേഷന്റെ മാനേജിംഗ് ഡയറക്ടറുടെ തീരുമാനം അന്തിമമായിരിക്കുന്നതും അതിനെ ചോദ്യം ചെയ്യാൻ പാടില്ലാത്തതുമാണ്.

31. കോർപ്പറേഷനിൽ കരാറുകാരൻ അടച്ചിട്ടുള്ള നിരതദ്രവ്യവും സെക്യൂരിറ്റി ഡെപ്പോസിറ്റും കരാറുകാരൻ എസ്റ്റേറ്റ് മാനേജറിൽ നിന്നും ബാധ്യത രഹിത സർട്ടിഫിക്കറ്റ് ഹാജരാക്കിയ ശേഷം പലിശരഹിതമായി തിരികെ നൽകുന്നതായിരിക്കും.

32. ഈ വില്പനയെ സംബന്ധിച്ച് എന്തെങ്കിലും തർക്കങ്ങളോ/വ്യവഹാരങ്ങളോ ഉൽഭവിക്കുകയാണെങ്കിൽ ആയത് കോട്ടയം അധികാരാതിർത്തിയുള്ള കോടതികളിൽ മാത്രം ആയിരിക്കുന്നതുമാണ്.

33.മുദ്രവെച്ച ദർഘാസ്, ഇ- ദർഘാസുകൾ നടത്തപ്പെടുന്ന സ്ഥലം, തീയതി, സമയം എന്നിവ ചുവടെ ചേർക്കുന്നു

| മുദ്രവെച്ച ദർഘാസ് സമർപ്പിക്കുവാനുള്ള സ്ഥലവും സമയവും | ഇ - ദർഘാസ് സമർപ്പിക്കുവാനുള്ള അവസാന സമയം | ഇ - ദർഘാസ് ഒറിജിനൽ രേഖകൾ ലഭിക്കേണ്ട അവസാന സമയവും സ്ഥലവും | ഇ-ഓക്ഷൻ തുടങ്ങുന്ന സമയം (45 മിനിറ്റ്) | ഇ-ടെണ്ടർ കം ഇ-ഓക്ഷൻ / മുദ്രവെച്ച ദർഘാസ് തുറക്കുന്ന സ്ഥലം, സമയം |
|---|---|---|---|---|
| കൊട്ടുമൺ എസ്റ്റേറ്റ് ഓഫീസ്, നെടുമൺകാവ് പി. ഒ കൂടൽ (വഴി), പത്തനംതിട്ട- 689693 Ph: 9496076014/ 9447142369 **01/06/2026, 11:30 A M** | **01/06/2026, 11:30 A M** | പി സി കെ ഹെഡ് ഓഫീസ്, കോട്ടയം 02/06/2026 11:30 A M | **കൊട്ടുമൺ എസ്റ്റേറ്റ് – 02/06/2026 12:30 P.M** <br> **ചന്ദനപ്പള്ളി എസ്റ്റേറ്റ് – 02/06/2026 02:30 P.M** | **പി.സി.കെ ഹെഡ് ഓഫീസ്, കോട്ടയം** <br> **02/06/2026 04:00 P.M (ഇ-ഓക്ഷന് ശേഷം)** |

**NB: ഏതെങ്കിലും കാരണവശാൽ ഇ-ഓക്ഷൻ ഓഫീസ് പ്രവർത്തിസമയത്തിനു ശേഷം തുടരുന്ന പക്ഷം തൊട്ടടുത്ത പ്രവൃത്തി ദിവസം രാവിലെ 10.30-ന് ഇ-ദർഘാസ് തുറക്കുന്നതായിരിക്കും.**

34. മുദ്രവെച്ച ദർഘാസ്, ഇ- ദർഘാസുകൾ സ്വീകരിക്കുന്നതായ അവസാന തീയതിയിൽ വില്പനവില നിശ്ചയിക്കുന്നതിന് പര്യാപ്തമായ എണ്ണം ടെൻഡറുകൾ ലഭിച്ചിട്ടില്ലാത്ത പക്ഷം ആവശ്യമെങ്കിൽ ടെൻഡർ തിയതി ദീർഘിപ്പിക്കുന്നതിന് മാനേജിങ് ഡയറക്ടർക്ക് അധികാരം ഉണ്ടായിരിക്കുന്നതാണ്. ഇത്തരം സന്ദർഭങ്ങളിൽ, ലഭിച്ചിട്ടുള്ളതായ ടെൻഡറുകൾ തുറക്കുന്നതല്ലാത്തതും ടെൻഡർ നൽകിയിട്ടുള്ളവർക്ക് ആവശ്യമെങ്കിൽ പുതുക്കിയ വാഗ്ദാനം നൽകുന്നതിന് അനുവദിക്കുന്നതുമാണ്. ഇപ്രകാരം ഒരാൾ വാഗ്ദാനം ചെയ്യുന്ന തുകകളിൽ, ഏറ്റവും കൂടിയ തുക മാത്രമായിരിക്കും വാഗ്ദാനം ചെയ്തിട്ടുള്ള തുകയായി പരിഗണിക്കുന്നത്.

Sd/-

മാനേജിംഗ് ഡയറക്ടർ

**അനുബന്ധം -1**

**ഇ-ടെൻഡർ സമർപ്പിക്കുന്നതിനുള്ള നിർദേശങ്ങൾ**

1. കരാറുകാർക്ക് കേരളാ സർക്കാർ വെബ് പോർട്ടലായ https://etenders.kerala.gov.in എന്ന ഇ പോർട്ടൽ സൈറ്റിലൂടെ സമർപ്പിക്കാവുന്നതാണ്.
2. ഇ-ടെൻഡറിൽപങ്കെടുക്കുവാൻ ഓരോ ടെണ്ടറിനും Rs.10,000/- നിരതദ്രവ്യം ഡിമാൻഡ് ഡ്രാഫ്റ്റായി ദി പ്ലാന്റേഷൻ കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡ് എന്ന പേരിൽ കോട്ടയത്ത് മാറത്തക്ക വിധത്തിൽ എടുക്കേണ്ടതാണ്.
3. ഇ-ടെൻഡറിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ, ഇ-ടെൻഡർ വ്യവസ്ഥകൾ ടി ഇ-പോർട്ടലിൽ നിന്നും ഡൗൺലോഡ് ചെയ്യേണ്ടതും, അതിലെ വ്യവസ്ഥകൾ പൂർണ്ണമായി അംഗീകരിക്കുന്നതായി രേഖപ്പെടുത്തിയ സമ്മതപത്രവും, എല്ലാ പേജിലും ഒപ്പിട്ട ടെൻഡർ കണ്ടിഷനും, ഡിമാൻഡ് ഡ്രാഫ്റ്റിന്റെ സ്കാൻഡ് കോപ്പിയും, കരാറുകാരന്റെ ആധാർ കാർഡ്, പാൻ കാർഡ് എന്നിവയുടെ കോപ്പിയും ടെൻഡർ ഫോം വിലയും (Rs.118/-) അടച്ച് ഇ-പോർട്ടലിൽ ക്വട്ടേഷൻ സമർപ്പിക്കുമ്പോൾ അപ്‌ലോഡ് ചെയ്യേണ്ടതാണ്. കൂടാതെ ഡിമാൻഡ് ഡ്രാഫ്റ്റിന്റെയും എല്ലാ പേജുകളിലും ഒപ്പിട്ട ടെൻഡർ കണ്ടിഷന്റെയും ഒറിജിനലും പാൻ കാർഡ് , ആധാർകാർഡ് എന്നിവയുടെ കോപ്പികളും ടെൻഡർ തുറക്കുന്ന ദിവസം (തീയതി 02/06/2026 ന്) 11:30 എ.എം മണിക്ക് മുൻപായി പി സി കെ ഹെഡ് ഓഫീസ് കോട്ടയത്ത് മുദ്രവെച്ച കവറിൽ ടെണ്ടറിൽ പങ്കെടുത്ത എസ്റ്റേറ്റിന്റെ പേരെഴുതി **റംബുട്ടാൻ വിളവെടുപ്പ്- ഇ-ടെൻഡർ രേഖകൾ** എന്ന ശീർഷകത്തിൽ ലഭിച്ചിരിക്കേണ്ടതാണ്.
4. ഇ-ടെൻഡർ മുഖേന വാഗ്ദാനം സമർപ്പിക്കുന്നവർ അതാത് എസ്റ്റേറ്റുകൾക്ക് നൽകാവുന്ന (നികുതി ഒഴികെയുള്ള) ഏറ്റവും കൂടിയ തുകയാണ് കാണിച്ചിരിക്കേണ്ടത്.
5. ഇ-ഓക്ഷനിൽ പങ്കെടുക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പ്രത്യേകം അനുബന്ധം -2 ആയി ചേർത്തിരിക്കുന്നു

ഇതു സംബന്ധിച്ച് എന്തെങ്കിലും സംശയങ്ങൾ ഉണ്ടാകുന്ന പക്ഷം താഴെപ്പറയുന്ന നമ്പരുകളിലേക്ക് വിളിക്കാവുന്നതാണ്. Ph.0481-2578301/9496076003

E-Procurement support desk of Kerala State IT Mission over telephone at 0471-2577088/188/388 or 0484-2336006, 2332262 or 0497-2764788, 2764188 or 0483-273294 or through email: etendershelp@kerala.gov.in or helpetender@gmail.comfor assistance in this regard.

## അനുബന്ധം -2

## ഇ-ഓക്ഷനിൽ പങ്കെടുക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ

1. **കൊട്ടമൺ, ചന്ദനപ്പള്ളി എസ്റ്റേറ്റുകളിലേക്ക്** ഇ-ടെണ്ടർ സമർപ്പിക്കാവുന്ന അവസാന തീയതി 01.06.2026 11:30 എ.എം വരെയാണ്.
2. **കൊട്ടമൺ എസ്റ്റേറ്റിലേക്ക്** ഇ-ഓക്ഷൻ 02.06.2026 , 12:30 പി.എം-ന് ഇ-ടെണ്ടർ പോർട്ടലിലൂടെ തുടങ്ങുന്നതായിരിക്കും.
3. **ചന്ദനപ്പള്ളി എസ്റ്റേറ്റിലേക്ക്** ഇ-ഓക്ഷൻ 02.06.2026 , 02:30 പി.എം-ന് ഇ-ടെണ്ടർ പോർട്ടലിലൂടെ തുടങ്ങുന്നതായിരിക്കും.
4. ഇ-ടെണ്ടറിൽ പങ്കെടുത്തിട്ടുള്ളവർ ഇ-ഓക്ഷൻ തുടങ്ങുന്ന സമയം നിർബന്ധമായും ഇ-ടെണ്ടർ പോർട്ടലിൽ കയറി " Live Auction" ഓപ്ഷനിൽ ക്ലിക്ക് ചെയ്ത് ഇ-ഓക്ഷനിൽ പങ്കെടുക്കാവുന്നതാണ്.
5. Live Auction-ലൂടെ ഇ-ടെണ്ടറിൽ രേഖപ്പെടുത്തിയിട്ടുള്ള ഏറ്റവും ഉയർന്ന തുക കാണാവുന്നതും താല്പര്യപ്പെടുന്ന പക്ഷം വർദ്ധിപ്പിക്കാവുന്ന ഏറ്റവും കുറഞ്ഞ നിരക്കും (increment value), ഇ-ഓക്ഷൻ അവസാനിക്കുന്ന സമയവും കാണാവുന്നതാണ്.
6. ഏറ്റവും ഉയർന്ന തുകയ്ക്ക് മുകളിൽ വർദ്ധിപ്പിക്കാൻ ആഗ്രഹിക്കുന്നെങ്കിൽ, നിർദ്ദിഷ്ട കോളത്തിൽ (increment value) ഉയർത്താൻ ഉദ്ദേശിക്കുന്ന ഉയർന്ന തുകയോട് കൂട്ടി (ഉയർത്താവുന്ന ഏറ്റവും കുറഞ്ഞ തുക 1,000/- രൂപ ആയിരിക്കും) ഇ-ഓക്ഷൻ നടക്കുന്ന സമയത്ത് സമർപ്പിക്കേണ്ടതാണ്.
7. ഇ-ഓക്ഷൻ അവസാനിക്കുന്ന അവസാന പത്ത് മിനിറ്റിൽ ആരും നിരക്ക് ഉയർത്തിയില്ലെങ്കിൽ ഇ-ഓക്ഷൻ മുൻ നിശ്ചയിച്ച സമയത്ത് തന്നെ അവസാനിക്കുന്നതാണ്. എന്നാൽ ഇ-ഓക്ഷൻ അവസാനിക്കുന്ന അവസാന പത്ത് മിനിറ്റിൽ ആരെങ്കിലും 1,000/- രൂപയോ അതിൽ കൂടുതലോ രേഖപ്പെടുത്തിയാൽ ഇ-ഓക്ഷൻ ഓട്ടോമാറ്റിക്കായി വീണ്ടും 10 മിനിറ്റ് ദീർഘിപ്പിക്കപ്പെടുന്നതാണ്.

മേൽ വിവരിച്ച വിവരങ്ങൾ സംബന്ധിച്ച് എന്തെങ്കിലും സംശയങ്ങൾ ടെണ്ടർ ചെയ്യുന്ന സമയത്ത് ഉണ്ടായാൽ താഴെപ്പറയുന്ന ഏതെങ്കിലും നമ്പറുകളിൽ വിളിക്കാവുന്നതാണ്.

9496076003, 9747875316, 9447850027, 9605324902, 6282412230

## അനുബന്ധം -3

## മുദ്രവെച്ച ദർഘാസ് സമർപ്പിക്കുന്നതിനുള്ള നിർദേശങ്ങൾ

1. മുദ്രവെച്ച ദർഘാസ് സമർപ്പിക്കുവാൻ ആഗ്രഹിക്കുന്നവർ ടെൻഡർ ഫോം വില (Rs.118/-) കൊടുമൺ എസ്റ്റേറ്റ് ഓഫീസിൽ അടച്ച് ടെൻഡർ കണ്ടിഷനും ടെൻഡർ ഫോമും കൈപ്പറ്റേണ്ടതും, ടെൻഡർ ഫോറത്തിനൊപ്പം ടെൻഡർ വ്യവസ്ഥകൾ വായിച്ച് ബോധ്യപ്പെട്ട് അവ പൂർണ്ണമായി അംഗീകരിക്കുന്നതായി ഒപ്പ് രേഖപ്പെടുത്തിയ സമ്മതപത്രവും, ടെൻഡർ വ്യവസ്ഥകളുടെ എല്ലാ പേജുകളിലും ഒപ്പിട്ട് ദർഘാസിനൊപ്പം ആധാർ കാർഡ് , പാൻ കാർഡ് എന്നിവയുടെ കോപ്പികൾ സമർപ്പിക്കേണ്ടതാണ് കവറിന് പുറത്ത് ഇടതുവശത്ത് മുകളിൽ ടെണ്ടറിൽ പങ്കെടുത്ത എസ്റ്റേറ്റിന്റെ പേരെഴുതി **റംബൂട്ടാൻ വിളവെടുപ്പ് - ദർഘാസ് രേഖകൾ** എന്ന ശീർഷകം വെക്കേണ്ടതും ദർഘാസുകൾ കൊടുമൺ എസ്റ്റേറ്റ് ഓഫീസിൽ മുദ്രവെച്ച ദർഘാസ് സമർപ്പിക്കുന്നതിനുള്ള സമയത്തിന് (തീയതി 01/06/2026, 11.30 എ.എം-ന്) മുൻപുതന്നെ നല്കിയിരിക്കേണ്ടതാണ്.
2. ദർഘാസിൽ പങ്കെടുക്കുന്നവർ Rs.10,000/- രൂപ നിരതദ്രവ്യം ക്യാഷ് അടച്ച ക്യാഷ് റെസീപ്റ്റ് / DD മുദ്രവെച്ച ദർഘാസിനോടൊപ്പം നൽകേണ്ടതാണ്.
3. അതാത് എസ്റ്റേറ്റുകൾക്ക് നൽകാവുന്ന (നികുതി ഒഴികെയുള്ള) ഏറ്റവും കൂടിയ തുക നിശ്ചിത ഫോറത്തിൽ നൽകേണ്ടതാണ്. ഈ ഫോറം ബന്ധപ്പെട്ട എസ്റ്റേറ്റ് ഓഫീസുകളിൽ നിന്നും ലഭിക്കുന്നതാണ്.
4. ദർഘാസുകൾ സമർപ്പിക്കുന്ന കവറിന്റെ പുറത്ത് ടെൻഡർ, പേര് വിവരങ്ങൾ, ടെൻഡർ സമർപ്പിക്കുന്ന ആളിന്റെ വിലാസം ഫോൺ നമ്പർ എന്നിവ കാണിച്ചിരിക്കണം.

കൂടുതൽ വിവരങ്ങൾക്ക്

1) മാനേജർ കൊടുമൺ എസ്റ്റേറ്റ്
Ph: 9496076014/8943240112

2) മാനേജർ ചന്ദനപ്പള്ളി എസ്റ്റേറ്റ്
Ph: 9447142369

അനുബന്ധം -4

# പ്ലാന്റേഷൻ കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡ്

രജി ഓഫീസ് – കോട്ടയം – 686 004

## റംബുട്ടാൻ വിളവെടുപ്പ്

### മുദ്രവെച്ച ദർഘാസ് /ഇ ദർഘാസ്

റംബുട്ടാൻ മരങ്ങളുടെ ഉദ്ദേശ എണ്ണം – 968 മരങ്ങൾ

| എസ്റ്റേറ്റ് | ആകെ മരങ്ങൾ | ആകെ തുക (നികുതികൾ ഒഴികെ) |
|---|---|---|
| **കൊട്ടുമൺ** | 643 | |
| **ചന്ദനപ്പള്ളി** | 325 | |

EMD വിവരങ്ങൾ:-

**പേര്**

**വിലാസം**

**ഒപ്പ്**

**തീയതി**

# സമ്മതപത്രം

പ്ലാന്റേഷൻ കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡ്
**CIN No: UO1119KL1962SGC001997**
കോട്ടയം - 686004

സ്ഥലം:
തീയതി :

## സമ്മതപത്രം

പ്ലാന്റേഷൻ കോർപ്പറേഷന്റെ **കൊടുമൺ/ ചന്ദനപ്പള്ളി എസ്റ്റേറ്റുകളിൽ** റംബുട്ടാൻ വിളവെടുപ്പ് നടത്തുന്നതുമായി ബന്ധപ്പെട്ട കരാറിന്റെ മുദ്രവെച്ച ദർഘാസ് / ഇ-ദർഘാസ് വ്യവസ്ഥകൾ ഇന്നേ ദിവസം കൈപ്പറ്റിയിരിക്കുന്നു. ടി വ്യവസ്ഥകൾ ഞാൻ വായിച്ചു മനസ്സിലാക്കുകയും, ആയത് ഞാൻ അനുസരിക്കുന്നതുമായിരിക്കുമെന്നും ഇതിനാൽ സമ്മതിച്ചുകൊള്ളുന്നു.

**പേര്**

**തപാൽ മേൽവിലാസം**

**കര**

**വില്ലേജ്**

**താലൂക്ക്**

**ജില്ല**

**പിൻകോഡ്**

**ഫോൺ നമ്പർ (കോഡ് ഉൾപ്പെടെ)**
**ലാന്റ് നമ്പർ** :
**മൊബൈൽ നമ്പർ** :

**ഒപ്പ്**